# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 502 | 08.08.2017 - ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി.-യിൽ ലോട്ടറിക്ക് ചുമത്തുന്ന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ആർ. രാമചന്ദ്രൻ<br>,, എൽദോ എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പാക്കുന്നത് സംബന്ധിച്ച ഓർഡിനൻസിൽ ലോട്ടറിയെ എങ്ങനെയാണ് നിർവ്വചിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പാക്കുന്നത് സംബന്ധിച്ച ഓർഡിനൻസിൽ ലോട്ടറിയെ ചരക്ക് (Goods) ആയിട്ടാണ് നിർവചിച്ചിട്ടുള്ളത്. "ചരക്കുകൾ" എന്നാൽ പണം ഒഴികെയുള്ള എല്ലാ തരത്തിലുമുള്ള ജംഗമ വസ്തുക്കളും എന്നർത്ഥമാകുന്നതും എന്നാൽ അതിൽ 1998-ലെ ലോട്ടറീസ് റഗുലേഷൻ ആക്ടിനും (1998-ലെ 17-ാം കേന്ദ്ര ആക്ട്) അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും കീഴിൽ, നടത്തുന്ന ലോട്ടറി കളും ഉൾപ്പെടെയുള്ള വ്യവഹാരപ്പെടാവുന്ന അവകാശവാദങ്ങളും വളരുന്ന വിളകളും പുല്ലും വിതരണത്തിന് മുൻപോ വിതരണം ചെയ്യുന്നതിനുള്ള ഒരു കരാറിൻകീഴിലോ വേർപ്പെടുത്താൻ സമ്മതിച്ചതുമായ ഭൂമിയോട് ബന്ധിപ്പിച്ചിട്ടുള്ളതോ അതിന്റെ ഭാഗമായതോ ആയ എല്ലാ വസ്തുക്കളും ഉൾപ്പെടുന്നതുമാകുന്നു. |
| (ബി) | ലോട്ടറിക്ക് എത്ര ശതമാനം നികുതി ചുമത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ; | (ബി) | കേരളസർക്കാർ ലോട്ടറികൾക്ക് 12% വും അന്യസംസ്ഥാന ലോട്ടറികൾക്ക് 28% വുമാണ് നികുതി. |
| (സി) | നിലവിൽ ഇതര സംസ്ഥാന ലോട്ടറികൾക്കുള്ള നിയന്ത്രണം തുടരുമോയെന്ന് വ്യക്തമാക്കുമോ? | (സി) | തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ